1. **കൊരട്ടി ഗ്രാമ പഞ്ചായത്ത്**

ആമുഖം

സാംസ്കാര തലസ്ഥാനമായ തൃശ്ശൂർ ജില്ലയുടെ തെക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന കൊച്ചു പ്രദേശമാണ് കൊരട്ടി.വ്യവസായിക നഗരമായ എറണാകുളം ജില്ലയുമായി അതിർത്തി പങ്കിടുന്ന ഈ പ്രദേശത്ത് കർഷകരും തൊഴിലാളികളും അടങ്ങുന്ന വലിയൊരു ജനവിഭാഗം അധിവസിക്കുന്നു. കാർഷിക സംസ്കൃതിയുടെ പൈതൃകം ഉൾക്കൊള്ളുന്ന പഞ്ചായത്തിൽ കൃഷി കൂടാതെ നിരവധി ചെറുകിട സംരംഭകരും ഇൻഫോപാർക്ക്,കിൻഫ്ര മുതലായ വൻകിട തൊഴിൽ കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിലെ 19 വാർഡുകളിലായി 206 കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഏകദേശം 2500 ഓളം കുടുംബശ്രീ അംഗങ്ങൾ പ്രവർത്തിക്കുന്നു.

കുടുംബശ്രീ തുടങ്ങിയതിന്റെ ഈ 22 ആം വർഷത്തിൽ കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക, സ്ത്രീ ശാസ്ത്രീകരണ പ്രവാർത്തനങ്ങളുടെ നെടുതൂൺ ആയി കുടുംബശ്രീ നിലകൊള്ളുന്നു.രണ്ടു ദശകത്തിൽ പരം നീണ്ട പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സ്ത്രീ ശാക്തീകരണത്തിലും സാമൂഹ്യ-സാമ്പത്തിക മേഖലകളുടെ ഉന്നമനത്തിലും നിർണായകമായ സംഭാവനകൾ നൽകാൻ കുടുംബശ്രീയ്ക്ക് സാധിച്ചു. വൈവിധ്യമാർന്ന പ്രവർത്തന രീതികളിലൂടെ സമൂഹത്തിൻ്റെ പുരോഗതിക്ക് ആക്കം നൽകുന്നതിൽ ഇക്കാലയളവിൽ കുടുംബശ്രീ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണത്തിലൂടെ സാധാരണക്കാരുടെ ജീവിതത്തെ മെച്ചപ്പെടുത്താനും കൂടുതൽ ചലനാത്മകമാക്കാനും കുടുംബശ്രീയ്ക്ക് സാധിച്ചു. ഇത്തരം പ്രവർത്തനങ്ങൾ ദേശീയ-അന്തർദേശീയ തലത്തിൽ പോലും അംഗീകാരങ്ങൾ നേടിക്കൊടുക്കുകയുണ്ടായി. സംസ്ഥാനം കോവിഡ് മഹാമാരിയെ നേരിടുന്ന ഈ സമയത്ത് കൊരട്ടി കുടുംബശ്രീ പ്രവർത്തകർ പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഏറ്റെടുക്കുകയുണ്ടായി. കമ്മ്യൂണിറ്റി കിച്ചൻ , വയോജനങ്ങളുടെയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരുടെയും പരിരക്ഷ, മാസ്ക്, സാനിറ്റൈസർ നിർമ്മാണം, കൗൺസിലിംഗ് പിന്തുണ തുടങ്ങി നിർണായകമായ നിരവധി സേവനങ്ങൾക്ക് അവർ ചുക്കാൻ പിടിക്കുന്നു. പ്രളയകാലങ്ങളിലും നിസ്തുലമായ സേവനമാണ് അവർ നിർവഹിച്ചത്. ഇത്തരം ഘട്ടങ്ങളിൽ സർക്കാർ ആവിഷ്കരിക്കുന്ന ജനക്ഷേമപദ്ധതികൾ സാധാരണക്കാർക്കിടയിൽ ഫലപ്രദമായി നടപ്പിലാക്കാൻ കുടുംബശ്രീ നൽകുന്ന സഹായം വളരെ വലുതാണ്.

ത്രിതല സംഘടനാ ചലിപ്പിച്ചത്

സി ഡി എസ്, എ ഡി എസ്, അയൽക്കൂട്ട തലത്തിൽ വാട്സ്ആപ്പ് ഗ്രൂപ് കൾ വഴിയാണ് എല്ലാ അറിയിപ്പുകൾ കൊടുത്തു.മീറ്റിംഗുകൾ കൂടാൻ പറ്റാത്ത ഈ സാഹചര്യത്തിലും എല്ലാ വർക്കുകൾ സ്മാർട്ട് ഫോണുകൾ വഴി വാട്സ്ആപ്പ് വഴി നടന്നു പോകുന്നു.

വാട്സ്ആപ്പ് ഗ്രൂപ്പ്

സി ഡി എസ്, എ ഡി എസ്, അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു.കൊറോണയെ കുറിച്ചുള്ള ബോധവത്കരണവും അയൽക്കൂട്ട തലത്തിൽ അംഗങ്ങൾക്ക് കോവിഡ്19 നെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി നടത്തുകയുണ്ടായി കൂടാതെ പ്രതിരോധ നടപടികളെക്കുറിച്ചും താഴെത്തട്ടിലേക്കു എത്തിക്കാൻ ഇതു സഹായകമായി.

കമ്മ്യൂണിറ്റി കിച്ചൻ

സർക്കാർ നിർദ്ദേശം അനുസരിച്ചു കൊരട്ടി കമ്മ്യൂണിറ്റി കിച്ചൻ ഏപ്രിൽ 3 ന് ആരംഭിച്ചു, സി ഡി എസ് ചെയർപേഴ്സൺന്റെ നേതൃത്വത്തിൽ കലവറ കുടുംബശ്രീ യൂണിറ്റ് ആണ്കമ്മ്യൂണിറ്റി കിച്ചൻ നടത്തി വന്നത്. എല്ലാ സുരക്ഷ നടപടികളും സ്വീകരിച്ചാണ് കമ്മ്യൂണിറ്റി കിച്ചൻ നടത്തിയിരുന്നത് മെമ്പർമാരുടെയും അംഗങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെ സജീവ സാന്നിധ്യം കൊണ്ട് 34 ദിവസത്തെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം വളരെ നല്ലരീതിയിൽ നടത്തുവാൻ സഹായകമായി എല്ലാ ദിവസവും ഏകദേശം ഇരുന്നൂറോളം

ഭക്ഷണപ്പൊതികൾ വിതരണം ചെയ്യാൻ സാധിച്ചു. കുടുംബശ്രീ അയൽക്കൂട്ടങ്ങളും ജെ എൽ ജി ഗ്രൂപ്പുകൾ വഴി ഏകദേശം 400 കെ ജി പച്ചക്കറി, പലചരക്കുകൾ ഈ കമ്മ്യൂണിറ്റി കിച്ചനിലേക്കു സംഭാവന ചെയ്തു.




<u>ലോക്കഡോൺ കാലത്തെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ</u>

കൊറോണ കാലത്തെ വിരസത മാറ്റാൻ ആയി കൊരട്ടി കുടുംബശ്രീ അംഗങ്ങൾ വീട്ടിൽ തന്നെ കൃഷി, അതിൽ മാസ്ക്നിർമ്മാണം, കര കൗശല നിർമ്മാണം എന്നിവ നടത്തുകയുണ്ടായി.വീട്ടിൽ അടുക്കളത്തോട്ടം നിർമാണത്തിനു ആവശ്യ മായ വിത്തുകൾ വിതരണം ചെയ്തു.അയൽ കൂട്ടം അംഗങ്ങൾ ഒരു നിശ്ചിത തുക

സമാഹ രിച്ചു നിർധനാ കുടുംബത്തിനു അവശ്യ വസ്തുക്കൾ വാങ്ങിനൽകി.തൃശൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടത്തിയ ചാച്ചാ -മച്ചാ പരിപാടിയിൽ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ പങ്കെടുത്തു. പൊതുവിതരണ കിറ്റുകൾ പാക്ക് ചെയ്യുന്നതിൽ അംഗങ്ങളുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു.

<u>വായോ ജനങ്ങൾക്ക് വേണ്ടി പ്രവർത്തനം</u>

കൊരട്ടി കുടുംബശ്രീ എന്ന പേരിൽ ഒരു ഗ്രൂപ്പ് ക്രിയേറ്റ് ചെയ്ത് ഒരു ആർ പിയെ സെലക്ട് ചെയ്തു അതുവഴി വഴി ആശ്രയ ലിസ്റ്റിൽ പെട്ടവരെ ഫോൺ വഴി ബന്ധപ്പെട്ട് കോവിഡ് 19 മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ അന്വേഷിക്കുവാനും മറ്റും ചുമതലപ്പെടുത്തി. കൂടാതെ മരുന്നിനും ഭക്ഷണത്തിനും ബുദ്ധിമുട്ടുള്ളവർക്ക് എത്തിച്ചു കൊടുക്കാൻ ഉള്ള സജ്ജീകരണം ചെയ്തു.കിറ്റുകൾ വീടുകളിൽ എത്തിച്ചു കൊടുത്തിരുന്നു . എല്ലാവർക്കും മാസ്ക് നൽകി. ക്വാറന്റൈനിൽ ഉള്ള 60 വയസിനു മുകളിൽ ഉള്ളവരെ എല്ലാ ദിവസവും ഫോൺ വിളിച്ചു വിവരങ്ങൾ അനേഷിച്ചു. കോവിഡ് ഭാഗമായി ആയി വയോജനങ്ങളെ കൊണ്ട് ഒരു ബോധവൽക്കരണ വീഡിയോ ചെയ്തു.

<u>കുട്ടിക്ക് വേണ്ടിയുള്ള പ്രവർത്തനം</u>

<u>ബാലസഭ കുട്ടികൾക്കുവേണ്ടി കളിപ്പാട്ടം നിർമാണം മത്സരം സംഘടിപ്പിച്ചു. ഫസ്റ്റ് പ്രൈസ് കിട്ടിയ കുട്ടിക്ക് സമ്മാനം എത്തിച്ചുകൊടുക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്തു.</u>ബാലസഭാ കുട്ടികൾ വേണ്ടി ജില്ലാ തലത്തിൽ 'ഈ ക്വാറന്റൈ കാലത്ത് 'എന്ന മത്സരം നടത്തുകയും കവിത രചന, യാത്ര വിവരണം, ചിത്ര രചന, കഥ രചന എന്നിവ നടത്തി, കൊരട്ടി പഞ്ചായത്തിലെ ബാലസഭാ അംഗ ങ്ങൾ നല്ല പങ്കാളിത്തം ഉണ്ടായി. ബാലകൃഷി നല്ല രീതിയിൽ ചെയ്തു പോരുന്നു. ആശ്രയ കുടുംബത്തിലെ കുട്ടികൾക്ക് മാസ്ക് വിതരണം ചെയ്തു.



<u>ലോൺ</u>

സർക്കാർ കോവിഡ് കാലത്ത് കുടുംബശ്രീ അംഗങ്ങൾക്കു അനുവദിച്ച ലോൺ CMHLS കൊരട്ടിയിലെ  ലെ  169 അയൽക്കൂട്ടങ്ങൾക്ക് കൊടുത്തു.



വിവിധ വകുപ്പുകളുമായി സഹകരിച്ചുള്ള പ്രവർത്തനം

പി എച് സി യുടെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങൾ പ്രതിരോധ മരുന്നുകൾ വീടുകളിൽ എത്തിച്ചു നൽകി, ക്ലോറിനേഷൻ ന് സഹായിച്ചു. ഹെൽപ് ഡെസ്കിൽ സഹായങ്ങൾ നൽകി.

ഭാവി പ്രവർത്തനങ്ങൾ

- ജനകീയ ഹോട്ടൽ വഴി ഗുണ നിലവരവും ലാഭകര വുമായ ഭക്ഷണം ലഭ്യ മാകുക.
- എല്ലാ വീട്ടിലും ഒരു അടുക്കള തോട്ടം രൂപീകരികുക.